പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 2041 | 07. 07. 2015 ൽ മറുപടിക്ക്

കേരള സ്റ്റേറ്റ് റഗുലേറ്ററി കമ്മീഷന് നൽകുന്ന എ.ആർ.ആർ & ഇ.ആർ.സി.

ചോദ്യം
ശ്രീ. ജി.എസ്.ജയലാൽ

ഉത്തരം
ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കെ. എസ്. ഇ. ബി. ലിമിറ്റഡ് രൂപീകൃതമായശേഷം കേരളാസ്റ്റേറ്റ് റഗുലേറ്ററി കമ്മീഷന് നൽകുന്ന എ.ആർ.ആർ & ഇ.ആർ.സി. (Aggregated revenue requirement & Expected revenue collection) യിൽ കഴിഞ്ഞ ഓരോ പ്രവർത്തന വർഷവും ശമ്പളം, പെൻഷൻ എന്നീ ഇനങ്ങളിൽ എത്ര രൂപ ആവശ്യപ്പെട്ടിരുന്നു ; റഗുലേറ്ററി കമ്മീഷൻ അനുവദിച്ച് നല്കിയ തുക എത്രയാണെന്നുമുള്ള വിശദാംശം അറിയിക്കുമോ ? | (എ) കേരളാ സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് (KSEBL) രൂപീകൃതമായതിനുശേഷം 2014-15 സാമ്പത്തിക വർഷത്തേക്കുള്ള ARR & ERC മാത്രമാണ് കേരളാ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ചിട്ടുള്ളത്. 2014-15 വർഷത്തിൽ, വൈദ്യുതി ബോർഡ് ജീവനക്കാർക്കു ശമ്പളം, ഡി.എ. തുടങ്ങിയവയ്ക്കായി 2042.25 കോടി രൂപ അനുവദിച്ച തരണമെന്ന്, വൈദ്യുതി ബോർഡ്, അതിന്റെ ARR & ERC പെറ്റീഷനിലൂടെ KSERC – യോട് ആവശ്യപ്പെടുകയുണ്ടായി. എന്നാൽ KSERC 1271.91 കോടി രൂപ മാത്രമാണ് അംഗീകരിച്ചത്. അതായത് ജീവനക്കാരുടെ ശമ്പളം, ഡി.എ തുടങ്ങിയ ഇനങ്ങളിൽ മാത്രം 2014-15 വർഷത്തേക്ക്, 720.34 കോടി രൂപയുടെ വെട്ടിക്കുറവാണ് കമ്മീഷൻ (KSERC) വരുത്തിയിട്ടുള്ളത്. 2014-15 സാമ്പത്തിക വർഷത്തിൽ, പെൻഷൻകാരുടെ ബാധ്യത നിറവേറ്റുന്നതിനായി 814.44 കോടി രൂപ, KSEBL രൂപീകരിക്കുന്ന പെൻഷൻ ഫണ്ടിലേക്ക് വക മാറ്റുന്നതിനായി, KSERC മുമ്പാകെ ആവശ്യപ്പെട്ടിരുന്നു. ടി തുക മുഴുവനായും, കമ്മീഷൻ 2014-15 വർഷത്തേക്ക് അംഗീകരിച്ചു തന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.